"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - ജീവനക്കാര്യം- ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ തദ്ദേശ സ്വയംഭരണ സ്ഥപനത്തിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2025-ന്റെ പശ്ചാത്തലത്തിൽ ഒഴിവുള്ള വരണാധികാരി തസ്തികകളിൽ ഫുൾ ടൈം ഉദ്യോഗസ്ഥരായി നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ(എ) വകുപ്പ്**

G.O.(Rt)No.952/2025/WRD തീയതി,തിരുവനന്തപുരം, 14-11-2025

പരാമർശം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.11.2025 ലെ B3/24/2023-SEC നമ്പർ കത്ത് .

**ഉത്തരവ്**

നിലവിൽ വരണാധികാരി/ഉപവരണാധികാരികളുടെ തസ്തിക ഒഴിവ് ഉള്ള സ്ഥലങ്ങളിൽ അടിയന്തിരമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും, അധിക ചാർജ്ജ് നൽകിയിട്ടുള്ള ഇടങ്ങളിൽ അവ ഒഴിവാക്കി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും വരണാധികാരി/ ഉപവരണാധികാരിയുടെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത തരത്തിലുള്ള ബുദ്ധിമുട്ടുള്ള ജീവനക്കാർ,തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുമ്പ് വിരമിക്കുന്ന ജീവനക്കാർ എന്നിവർക്ക് പകരം ജീവനക്കാരെ അടിയന്തിരമായി നിയമിക്കുന്നതിനും പരാമർശം പ്രകാരം കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിപ്പ് നൽകിയിരിക്കുന്നു. ജലവിഭവ വകുപ്പിന്റെ അധീനതയിൽ വരുന്ന **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ കാഞ്ഞങ്ങാട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബി എസ് ബി സബ് ഡിവിഷൻ നമ്പർ 1, പടിഞ്ഞാറേത്തറ** എന്നീ തസ്തികളിലെ ഉദ്യോഗസ്ഥർ വരണാധികാരി ചുമതലയുള്ള ഉദ്യോഗസ്ഥരാണ്. എന്നാൽ പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ ഉദ്യോഗസ്ഥരാൽ നികത്തപ്പെട്ടി ട്ടില്ലാത്തതായി കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരിക്കുന്നു.

2) മേൽ സാഹചര്യത്തിൽ നിലവിൽ മഞ്ചേശ്വരം എം. ഐ സബ്ഡിവിഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചു വരുന്ന **ശ്രീ ഗോകുലൻ ടി യെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ കാഞ്ഞങ്ങാട്** തസ്തികയിലും ബി എസ് ബി സബ് ഡിവിഷൻ നമ്പർ 2, പടിഞ്ഞാറേത്തറയിലെ നിലവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **ശ്രീ ഷിഹാബുദ്ദീൻ പി-യെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി എസ് ബി സബ് ഡിവിഷൻ നമ്പർ 1** തസ്തികയിലും നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3)**പ്രസ്തുത തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥർ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന കാര്യാലയത്തിൽ നിന്നും അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും നിയമന ഉത്തരവ് ലഭിച്ച കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്നും വരണാധികാരി തസ്തികയിൽ മുഴുവൻ സമയ ഉദ്യോഗസ്ഥരായി ഉണ്ടായിരിക്കേണ്ടതാണെന്നും അറിയിക്കുന്നു. വരണാധികാരി തസ്തികയിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് മറ്റ് അധിക ചുമതലകൾ ഒന്നുമുണ്ടാകാൻ പാടില്ല എന്ന കാര്യം മേലധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESHKUMAR K K
JOINT SECRETARY

ചീഫ് എൻജിനീയർ (ഐ&എ), തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് ( ചീഫ് എൻജിനീയർ (ഐ&എ) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sunithakumary S
Date: 14-11-2025 12:47:21
സെക്ഷൻ ഓഫീസർ

പകർപ്പ് - ജലവിഭവ മന്ത്രിയുടെ പി.എസ്.- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്.- ന്.